**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3507** **14-07-2022 - ൽ മറുപടിയ്ക്ക്**

**ബി.എ. അഫ്സൽ ഉലമ പ്രിലിമിനറി കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബി.എ. അഫ്സൽ ഉലമ പ്രിലിമിനറി കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC യുടെ DEB യിൽ നിന്ന് 2022-23 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ് എന്നും ഇത് സംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ല എന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള നടപടിക്ക് തയ്യാറാവുന്നതെന്ന് വിശദമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | അറബിക് കോളേജുകളെയും വിദ്യാർത്ഥികളെയും ബാധിക്കുന്ന ഈ വിഷയത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുന്നതോടെ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കുള്ള സാധ്യത വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ